**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1125** **18-09-2025 - ൽ മറുപടിയ്ക്ക്**

**മങ്കട കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള ഇറിഗേഷൻ ഇൻഫ്രാ സ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | **മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയിൽ 11.09 മീറ്റർ വീതിയിൽ 156 മീറ്റർ നീളത്തിലുള്ള പാലവും, 12 സ്പാനുകളുടെ റെഗുലേറ്ററും, റെഗുലേറ്ററിന്റെ അപ്സ്ട്രീമിൽ - വലതുകരയിൽ 605 മീറ്റർ നീളത്തിലും, ഇടതുകരയിൽ 85 മീറ്റർ നീളത്തിലും സംരക്ഷണഭിത്തിയും; റെഗുലേറ്ററിന്റെ ഡൗൺസ്ട്രീമിൽ - വലതുകരയിൽ 245 മീറ്റർ നീളത്തിലും, ഇടതുകരയിൽ 50 മീറ്റർ നീളത്തിലും സംരക്ഷണഭിത്തിയും ആണ് പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുന്നത്. കൂടാതെ 186 മീറ്റർ നീളത്തിലുള്ള അപ്രോച്ച് റോഡ് ആണ് ഇരുകരകളിലും കൂടി ഉൾപ്പെടുന്നത്. ഇതിൽ അപ്രോച്ച് റോഡ് ഒഴികെയുള്ള മറ്റ് എല്ലാ പ്രധാന ഘടകങ്ങളുടെയും (റെഗുലേറ്റർ, പാലം, സംരക്ഷണഭിത്തി) നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിൽ നിന്നും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പാലത്തിലേക്ക് കയറാൻ സാധിക്കുന്നതാണ്.**<br><br>**അപ്രോച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 68 സെന്റ് ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിൽ നിന്ന് സ.ഉ. (സാധാ) നമ്പർ 1609/2022/ റവന്യൂ തീയതി 07.04.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 4(1) & 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും, സർവ്വേ & ലാൻഡ് റെക്കോർഡ്സ് വകുപ്പ് ഡ്രോയിങ്സ് പുതുക്കി നൽകുകയും ചെയ്തു. സോഷ്യൽ അസസ്മെന്റ് ഇംപാക്ട് സ്റ്റഡി (Social Assessment Impact Study) പൂർത്തിയാകുകയും 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**ഭൂമിയുടെ വിലനിർണ്ണയം പൂർത്തീകരിക്കുകയും, അടിസ്ഥാന വിലനിർണ്ണയം, ഡീറ്റൈൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ജില്ലാ കളക്ടർ അംഗീകരിക്കുകയും ചെയ്തു. തുടർന്ന്, കിഫ്ബിയിൽ** |

| | | | |
|---|---|---|---|
| | | | **നഷ്ടപരിഹാര തുകയുടെ ബിൽ സമർപ്പിക്കുകയും, ആയത് കിഫ്ബി അംഗീകരിക്കുകയും, തഹസിൽദാറിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.**<br><br>**പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ നേരിട്ട കാലതാമസം മൂലം പദ്ധതിയുടെ പൂർത്തീകരണ തീയതി 31.03.2026 വരെ നീട്ടി നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നും പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (ബി) | **ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ